മുദ്രകൾ

# ഏകാധിപത്യത്തെ തുറന്നെതിർത്ത പണ്ഡിതൻ

**തത്ത്വങ്ങൾക്കുവേണ്ടി** രാഷ്ട്രീയ പദവികൾ ബലികൊടുത്ത പണ്ഡിതൻ -2009 ഡിസംബർ 9ന് അന്തരിച്ച പ്രമുഖ പണ്ഡിതനും ഇറാനിയൻ പരിഷ്കരണവാദികളുടെ ആത്മീയാചാര്യനുമായ ഹുസൈൻ അലി അൽമുൻതസരിയെ മാധ്യമങ്ങൾ വിശേഷിപ്പിച്ചത് ഇങ്ങനെയായിരുന്നു. ഇറാനിയൻ പ്രസിഡന്റ് അഹ്മദീ നിജാദിന്റെ കടുത്ത വിമർശകൻ. കഴിഞ്ഞ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നു എന്നാരോപിച്ച് ഇറാനിയൻ പ്രതിപക്ഷം തെരുവിലിറങ്ങിയപ്പോൾ, അവരുടെ മുഖ്യ പ്രചോദന കേന്ദ്രമായി വർത്തിച്ചത് മുൻതസരിയായിരുന്നു. അതുകൊണ്ടുതന്നെ മുൻതസരിയുടെ മരണാനന്തര ചടങ്ങുകൾ അക്ഷരാർഥത്തിൽ ഇറാനിയൻ ഭരണകൂടത്തിനെതിരെയുള്ള പ്രതിഷേധ സംഗമങ്ങളായി മാറുകയായിരുന്നു.



▪ ഹുസൈൻ അലി അൽമുൻതസരി

1922-ൽ ഇസ്ഫഹാനിലാണ് മുൻതസരിയുടെ ജനനം. ഷാ ഭരണകൂടത്തിനെതിരെ നടത്തിയ പ്രക്ഷോഭത്തിൽ ആയത്തുല്ലാ ഖുമൈനിയുടെ വലംകൈയായിരുന്നു മുൻതസരി. ഖുമൈനി നാടുകടത്തപ്പെട്ടപ്പോൾ ഇറാനിൽ പ്രക്ഷോഭത്തിന്റെ നേതൃത്വം അദ്ദേഹം ഏറ്റെടുത്തു. 1974-ൽ അറസ്റ്റ് ചെയ്യപ്പെട്ട മുൻതസരി 1978-ലാണ് മോചിതനാകുന്നത്. വിപ്ലവാനന്തര ഇറാനിലെ ഭരണഘടനയുടെ മുഖ്യ ശിൽപിയായ മുൻതസരി ഖുമൈനിയുടെ പിൻഗാമിയാവുമെന്ന് ഏറക്കുറെ ഉറപ്പായിരുന്നു. 1983-ൽ ഗവൺമെന്റ് ഓഫീസുകളിൽ ഖുമൈനി ചിത്രത്തോടൊപ്പം അദ്ദേഹത്തിന്റെ ചിത്രവും തൂങ്ങിയിരുന്നു; പിന്നീടാണ് ഇരുവരും വേർപിരിയുന്നത്. 'വിലായത്തുൽ ഫഖീഹ്' (പരമോന്നത ആത്മീയ നേതാവിന്റെ അധികാരം)നെ ചൊല്ലിയാണ് തർക്കം മുറുകിയത്. അതുവരെ മതവിഷയങ്ങളിൽ പരിമിതമായിരുന്ന ഈ സംജ്ഞയെ രാഷ്ട്ര ഭരണത്തിന്റെ അടിസ്ഥാനമായി വികസിപ്പിച്ചത് യഥാർഥത്തിൽ മുൻതസരി തന്നെയാ

യിരുന്നു. 'വിലായത്തുൽ ഫഖീഹ്' നിരുപാധിക അധികാരമല്ലെന്നും മരണം വരെ ആ പദവിയിലിരിക്കുക ഇസ്‌ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധമാണെന്നും ജനങ്ങൾ തെരഞ്ഞെടുക്കുന്ന വ്യക്തിയാണ് ആ സ്ഥാനത്ത് വരേണ്ടതെന്നുമായിരുന്നു മുൻതസരിയുടെ വാദം. മുൻതസരിയുടെ ഏറ്റവും ശ്രദ്ധേയമായ പഠനവും ഈ വിഷയത്തെക്കുറിച്ചാണ് (*ദിറാസാതുൻ ഫീ വിലായതിൽ ഫഖീഹ്*). ഇതിന്റെ രണ്ട് വാള്യങ്ങൾ മാത്രമേ ഭരണകൂടം പ്രസിദ്ധീകരിക്കാൻ അനുവദിച്ചുള്ളൂ.

അഭിപ്രായഭിന്നത രൂക്ഷമായതോടെ 1988-ൽ സകല പദവികളിൽനിന്നും മുൻതസരി നിഷ്കാസിതനായി. അനൗദ്യോഗിക പ്രതിപക്ഷ നേതാവിന്റെ റോളിലായിരുന്നു പിന്നീട് അദ്ദേഹം. പരമോന്നത ആത്മീയ നേതാവിന് നിരുപാധികമായ അധികാരാവകാശങ്ങൾ നൽകുന്നതിലൂടെ ഭരണകൂടം ഏകാധിപത്യത്തിലേക്ക് നീങ്ങുകയാണെന്ന് അദ്ദേഹം തുറന്നടിച്ചു. ഖാംനഇയെ പരസ്യമായി വിമർശിച്ചതിന് 1997 മുതൽ അഞ്ചു വർഷം അദ്ദേഹം വീട്ടുതടങ്കലിലുമായിരുന്നു.

മരണശേഷം മുൻതസരിയുടെ മുൻകാല സേവനങ്ങളെ അനുസ്മരിക്കാൻ ഭരണകൂടമോ ഗവൺമെന്റ് അധീനതയിലുള്ള മീഡിയയോ തയാറായില്ല. 'കലാപത്തിന് തീ കൊളുത്തിയ ദീനീവ്യക്തിത്വം' എന്ന് വിശേഷിപ്പിച്ച് ഔദ്യോഗിക വാർത്താ ഏജൻസിയായ 'ഇർന' കണക്കിന് അപമാനിക്കുകയും ചെയ്തു. മതചിഹ്നങ്ങളുടെ മറവിൽ ശക്തിപ്പെടുന്ന ഏകാധിപത്യ പ്രവണതകളെ മുഖം നോക്കാതെ എതിർത്തതിന്റെ പേരിലായിരിക്കും മുൻതസരി വരുംകാലങ്ങളിൽ ഓർമിക്കപ്പെടുക. ■